No. 302/2022

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ
സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന
പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തു പട്ടക്കാരും, പള്ളി കൈസ്ഥാനികളും ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,
കോവിഡ് മഹാമാരി മനുഷ്യരാശിക്ക് സമ്മാനിച്ചത് വിവരണാതീതമായ പ്രതിസന്ധിയാണ്. സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക മേഖലകളിൽ മഹാമാരി ഏൽപ്പിച്ച ആഘാതത്തിൽ നിന്ന് ലോകം ക്രമേണ മുക്തമായിക്കൊണ്ടിരിക്കുമ്പോൾ തുടർച്ചയായി നാം കേൾക്കുന്ന വാർത്തകൾ അത്ര ശുഭകരമല്ല. അടിയ്ക്കടി ഉണ്ടാവുന്ന പ്രകൃതിദുരന്തങ്ങൾ, രാഷ്ട്രങ്ങളുടെ സാമ്പത്തിക പ്രതിസന്ധികൾ, ക്രമാതീതമായ വിലക്കയറ്റം ഇതെല്ലാം മനുഷ്യജീവിതം ദുസഹമാക്കിയിരിക്കുന്നു. കുട്ടികളിലും യുവാക്കളിലും ഉണ്ടായ വൈകാരികവും മാനസികവുമായ മാറ്റങ്ങൾ ആശങ്കാജനകമാണ്. ലഹരി വസ്തുക്കളുടെ ഉപയോഗം നമ്മുടെ കുട്ടികളിലും യുവാക്കളിലും ഭയാനകമായി വർദ്ധിച്ചു വരുന്നതായി അടുത്തകാലത്തെ മാധ്യമ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

സ്കൂൾ കുട്ടികളെ വലവീശിപ്പിടിക്കുന്ന ലഹരി മാഫിയാ സംഘങ്ങൾ അടുത്ത കാലത്തായി സമൂഹത്തിൽ പിടിമുറുക്കുന്നു എന്നത് ആശങ്കയോടെയാണ് നാം കാണുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ലഹരിക്കെതിരെ നടത്തുന്ന ബോധവൽക്കരണ പരിപാടികൾ പ്രശംസാർഹമാണ്. സമൂഹത്തിലെ ഇത്തരം അപചയങ്ങൾക്കും ജീർണ്ണതകൾക്കും എതിരെ സഭയും ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ആശങ്കാജനകമായ ഈ സാഹചര്യം കണക്കിലെടുത്ത് ലഹരിയിൽ നിന്നുള്ള മോചനം എന്ന ലക്ഷ്യത്തെ മുൻനിർത്തി **'ഡ്രഗ്സിറ്റ്' (Druxit)** എന്ന ലഹരിവിരുദ്ധ ബോധവൽക്കരണ പദ്ധതി പരിശുദ്ധ സഭ ആവിഷ്കരിക്കുകയാണ്. സഭാ മാനവശാക്തീകരണ വിഭാഗം നേതൃത്വം നൽകുന്ന ഈ ത്രിവത്സര പദ്ധതിയുടെ കർമ്മപരിപാടികളും വിശദാംശങ്ങളും കേന്ദ്ര ഓഫീസിൽ നിന്ന് നിങ്ങളെ അറിയിക്കുന്നതാണ്. അതനുസരിച്ച് നമ്മുടെ എല്ലാ ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഈ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. എല്ലാ ആത്മീയ പ്രസ്ഥാനങ്ങളും വിശേഷിച്ച് സൺഡേ സ്കൂൾ, വിദ്യാർത്ഥി പ്രസ്ഥാനം, യുവജന പ്രസ്ഥാനം എന്നിവയിലൂടെ ഈ പദ്ധതി ഒരു മുൻഗണനാ വിഷയ മായി എടുത്ത് നമ്മുടെ വളർന്നു വരുന്ന തലമുറയെ ഈ മഹാവിപത്തിൽ നിന്നും രക്ഷിക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് സ്നേഹപൂർവ്വം നാം അറിയിക്കുന്നു. 'ലഹരിമുക്ത സഭ, ലഹരി മുക്ത സമൂഹം' എന്ന ലക്ഷ്യത്തിലേക്ക് എത്തുവാൻ ഈ പദ്ധതിയിലൂടെ നമുക്ക് കൂട്ടായി പരിശ്രമിക്കാം.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

2022 സെപ്റ്റംബർ മാസം 09-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും

In the blessed name of the Tri-une God, Self-existent, Beginningless and Endless, Perfect in Being, (Glory be to Him)
Moran Mar Baselios Marthoma Mathews III Catholicos of the East and Malankara Metropolitan enthroned on the Apostolic Throne of St. Thomas

No. 302/2022

Blessings to our beloved Vicars of the Churches, Priests of the locality, *Kaisthanees* and faithful of all the Parishes!

Dearly beloved,

The Covid Pandemic has presented an indescribable crisis to humanity. As the world is gradually coming out of the fatal blow caused by the pandemic in the socio - economic - cultural spheres, the news that we hear everyday too is not promising. Natural calamities one after another, economic crises in various nations and unbridled inflation have made human life miserable. The emotional and psychological changes in children and youth are really frightening. The recent media reports indicate that the consumption of narcotics and drugs is alarmingly increasing among children and youth.

It is with extreme concern that we witness the vicious drug mafia ensnare our school children. The awareness programmes initiated by the Central and State Governments are indeed laudable. The Church also has to work hand in hand with the governments against such social decadence and degeneration. In view of the compelling circumstances, our Holy Church is announcing a three year awareness project "DRUXIT" with the objective of liberating our generation from all sorts of addictions under the leadership and guidance of Ministry of Human Empowerment of the Church. The action plan and other details of the project will be intimated to you from the Central Office. This awareness project should be effectively implemented in all our parishes and educational institutions in accordance with the instructions given from time to time.

We lovingly exhort all our spiritual organizations especially Sunday School, Student Movement and Youth Movement to take this drive as a priority item and work vigorously to save our young generation from this catastrophe. Let us all strive to achieve the goal of 'Addiction free Church, Addiction free Society' through this project.

The Grace and Blessings of God Almighty abide with you forever. May the prayers of the Mother of our God the Holy Virgin Mary, St. Thomas the Apostle of India, our Holy Fathers Yeldo Mar Baselios, Mar Gregorios, Mar Dionysius and all the Holy Saints be a stronghold for us. Amen.

Our Father who art in Heaven.....

Baselios Marthoma Mathews III

From Catholicate Aramana
Devalokam, Kottayam, Kerala, India
On September 09, 2022